## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3743 19.02.2013-ൽ മറുപടിയ്ക്ക്

## കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാനത്ത് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) 1. ദേശീയ/അന്തർദേശീയ തലങ്ങളിൽ മികവ് നേടുന്നതിനായി സ്പോർട്സിന് പൊതുവായും, ചില പ്രത്യേക സ്പോർട്സ് ഇനങ്ങൾക്കും വ്യക്തികൾക്കും പ്രത്യേകമായും ഫണ്ട് ഉപയോഗപ്പെടുത്തുക.<br><br>2. പ്രധാനപ്പെട്ട കായിക ഇനങ്ങളിൽ പരിശീലകർ, കളിക്കാർ കായിക വിദഗ്ദ്ധർ മുതലായവർക്ക് പ്രത്യേക പരിശീലനം നൽകുക.<br><br>3. കായിക മികവ് വളർത്തുന്നതിന് അടിസ്ഥാന സൗകര്യവികസനപ്രവർത്തനങ്ങൾ നടത്തുക.<br><br>4. കായിക മികവ് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കായിക ഉപകരണങ്ങൾ നൽകുക.<br><br>5. കായികരംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തി റിസർച്ച്, വികസനാത്മക പഠനം മുതലായവ കായിക രംഗത്തും അനുബന്ധ ശാസ്ത്രങ്ങളിലും നടത്തുക.<br><br>6. തനത് കായികയിനങ്ങളുടെ വികസനം ലക്ഷ്യമാക്കി അന്തർദ്ദേശീയ സഹകരണം വളർത്തുക.<br><br>7. പരിക്കിന്റെ സ്വഭാവം അടിസ്ഥാനമാക്കി പരിശീലന സമയത്തോ, മത്സരത്തിനിടയ്ക്കോ അപകടം സംഭവിച്ച മികവുറ്റ കായികതാരങ്ങൾക്ക് സഹായം നൽകുക. |

8. മികവുറ്റ കായിക താരങ്ങൾക്ക് കളികൾക്കിടയിലോ, പരിശീലനത്തിനിടയിലോ ഉണ്ടായ അപകടങ്ങൾ കാരണം വൈകല്യം സംഭവിച്ചുവെങ്കിൽ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി സഹായം നൽകുക.

9. രജിസ്റ്റേർഡ് കായികതാരങ്ങൾക്ക് ഇൻഷൂറൻസ് കവറേജ് നൽകുക തുടങ്ങിയവ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു.

10. മേൽപ്പറഞ്ഞ ഏതെങ്കിലും ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിലുള്ളതോ പലിശരഹിതമായതോ ആയ വായ്പകൾ നൽകുക.

(സി) കായികതാരങ്ങൾക്ക് അന്തർദേശീയ തലത്തിൽ അവസരങ്ങൾ ലഭിക്കുന്നതിനും വിദേശകായിക പരിശീലകരെ ഏർപ്പെടുത്തുവാനും പ്രസ്തുത ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്തുവാനുമാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) & (ഡി) ഫണ്ട് സ്വരൂപിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു.

(ഡി) പ്രസ്തുത ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

സെക്ഷൻ ഓഫീസർ